## 721

1 മണ്മയമാമീയുലകിൽ കാണ്മതു മായ
വൻമഹിമ ധനം സുഖങ്ങൾ സകലവും മായ

2 മന്നിൽ നമ്മൾ ജീവിതമോ പുല്ലിനെപ്പോലെ
ഇന്നു കണ്ടു നാളെ വാടും പൂക്കളെപ്പോലെ-

3 ധാന്യ ധനലാഭം കീർത്തി ഹാ! നഷ്ടമാകും
മാന്യമിത്രരാകെ നമ്മെ പിരിഞ്ഞിനിപ്പോകും-

4 ഏഴുപത്തോ ഏറെയായാൽ എൺപതോ മാത്രം
നീളുമായുസ്സതും നിനച്ചാൽ കഷ്ടത മാത്രം-

5 ലോകമരുഭൂവിൽ മർത്യനാശ്രയം തേടി
ശോകക്കൊടും വെയിലിലയ്യോ വീഴുന്നു വാടി-

6 ദൈവമക്കൾ നമുക്കു സ്വർഗ്ഗം ഹാ സ്വന്തദേശം
കേവലമിപ്പാരിടമോ വെറും പരദേശം- **M.E.C.**